"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭവനനിർമ്മാണ വകുപ്പ്- ബജറ്റ് 2025-26- കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം- 'ഗവേഷണവും വികസനവും, സുസ്ഥിര നിർമ്മാണത്തെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടിയും' എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നല്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭവനനിർമ്മാണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.32/2025/HSG തീയതി,തിരുവനന്തപുരം, 18-07-2025

---

പരാമർശം:-

1. ഡയറക്ടർ, സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ 12.05.2025-ലെ KESNIK/530/2024-OVSR2(TECH) നമ്പർ കത്ത്.
2. 11.04.2025-ലെ സ.ഉ. (അച്ചടി) നം. 48/2025/ധന.
3. 30.05.2025-ലെ ഭവന നിർമ്മാണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.

**ഉത്തരവ്**

സംസ്ഥാന സർക്കാരിന്റെ 2025-26 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ ലാറിബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസിന്റെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് 2216-80-101-98 എന്ന ശീർഷകത്തിൽ 300 ലക്ഷം രൂപ വകയിരുത്തുകയും അതിൽ 'ഗവേഷണവും വികസനവും, സുസ്ഥിര നിർമ്മാണത്തെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടിയും (മെറ്റീരിയലുകളുടെ പ്രസിദ്ധീകരണം ഉൾപ്പെടെ)'/Research and Development, Awareness Programme on Sustainable Construction എന്ന പദ്ധതി ഉൾപ്പെടുത്തുകയും ചെയ്തിരുന്നു.

2. 2025-26 സാമ്പത്തിക വർഷത്തെ 'ഗവേഷണവും വികസനവും, സുസ്ഥിര നിർമ്മാണത്തെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടിയും (മെറ്റീരിയലുകളുടെ പ്രസിദ്ധീകരണം ഉൾപ്പെടെ)' എന്ന പദ്ധതിയുടെ വിശദാംശങ്ങൾ പരാമർശം (1) പ്രകാരം സംസ്ഥാന നിർമ്മിതി കേന്ദ്രം ഡയറക്ടർ ലഭ്യമാക്കുകയും ചുവടെപ്പറയുന്ന ഘടകങ്ങളോടെ ആകെ 50 ലക്ഷം രൂപയുടെ ഭരണാനുമതി നല്കണമെന്ന് അഭ്യർത്ഥിക്കുകയുമുണ്ടായി.

| ക്രമ നം. | ഘടകങ്ങൾ | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | Research & Development | 40 |
| 2 | Awareness Programmes and Publication of Materials | 10 |
| | ആകെ | 50 |

3.സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ 2025-26 സാമ്പത്തിക വർഷത്തിലെ പദ്ധതി പ്രൊപ്പോസലുകൾ 30.05.2025-ന് ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം വിശദമായി ചർച്ച

ചെയ്യുകയും DSoR-2018 പ്രകാരം സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റുകൾ DSoR-2021 പ്രകാരം റീ-എസ്റ്റിമേറ്റ് ചെയ്യണമെന്ന വ്യവസ്ഥയോടെയും പരാമർശം (2) ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായും നിർമ്മിതി കേന്ദ്രത്തിന്റെ പദ്ധതികൾക്ക് ഭരണാനുമതി നൽകുവാൻ പരാമർശം(3) പ്രകാരം തീരുമാനിക്കുകയും ചെയ്തു.

4. ഈ സാഹചര്യത്തിൽ 2025-26 സാമ്പത്തിക വർഷത്തെ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ 'ഗവേഷണവും വികസനവും, സുസ്ഥിര നിർമ്മാണത്തെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടിയും (മെറ്റീരിയലുകളുടെ പ്രസിദ്ധീകരണം ഉൾപ്പെടെ)' എന്ന പദ്ധതി നടപ്പിലാക്കുന്നതിന് നിലവിലുള്ള സർക്കാർ ഉത്തരവുകൾക്കും, നിലവിലുള്ള പൊതുവ്യവസ്ഥകൾക്കും, ചുവടെ ചേർക്കുന്ന നിബന്ധനകൾക്കും വിധേയമായി 50,00,000/- രൂപയിൽ (അമ്പതു ലക്ഷം രൂപ മാത്രം) നിജപ്പെടുത്തി ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിനാവശ്യമായ തുക 2025-26 സാമ്പത്തിക വർഷത്തെ 2216-80-101-98 എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്താവുന്നതാണ്.

i. DSoR-2018 പ്രകാരം സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റുകൾ DSoR-2021-ലേയ്ക്ക് റീ-എസ്റ്റിമേറ്റ് ചെയ്ത് പദ്ധതി നടപ്പിലാക്കേണ്ടതാണ്.11.04.2025-ലെ സ.ഉ. (അച്ചടി) നം. 48/2025/ധന നമ്പർ ഉത്തരവിലെ വ്യവസ്ഥകൾകൃത്യമായും പാലിക്കേണ്ടതാണ്.

ii. പദ്ധതിയുടെ നിർവഹണ ഏജൻസി സംസ്ഥാന നിർമ്മിതി കേന്ദ്രമായിരിക്കും. കൂടാതെ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ നിരീക്ഷണ സംവിധാനം ഉപയോഗപ്പെടുത്തേണ്ടതാണ്.

iii. സർക്കാർ അംഗീകരിച്ച് നല്കിയ പ്രൊജക്റ്റ് പ്രൊപ്പോസലിൽ മാറ്റം വരുത്തുവാൻ പാടുള്ളതല്ല.

iv. ഈ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമെങ്കിൽ ടെണ്ടർ/ ഇ-ടെണ്ടർ നടപടി സ്വീകരിക്കേണ്ടതും നിലവിലുള്ള നിബന്ധനകളും വ്യവസ്ഥകളും പാലിക്കേണ്ടതുമാണ്.

v. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട നിലവിലുള്ള ഉത്തരവുകളും നിയമപരമായ വ്യവസ്ഥകളും പാലിച്ചുകൊണ്ട് എല്ലാ പ്രവർത്തനങ്ങളും സുതാര്യമായ രീതിയിൽ നടപ്പിലാക്കേണ്ടതാണ്.

vi. സ്റ്റോർ പർച്ചേസ് നിയമങ്ങൾ കൃത്യമായും പാലിക്കേണ്ടതാണ്.

vii. നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിനുള്ളിൽ ചെലവ് പരിമിതപ്പെടുത്തേണ്ടതും ബജറ്റിൽ അനുവദിച്ച ശീർഷകത്തിൽ നിന്നും മാത്രം തുക കണ്ടെത്തേണ്ടതുമാണ്.

viii. ബജറ്റ് വിഹിതത്തിൽ നിന്നും ആവശ്യാനുസരണം മാത്രം തുക അനുവദിച്ച് നല്കുന്നതും, എന്നാൽ അനുവദിച്ച തുക ബാങ്കിൽ നിലനിർത്താൻ പാടില്ലാത്തതുമാണ്.

ix. തസ്തിക സൃഷ്ടിക്കുന്നതും വാഹനങ്ങൾ വാങ്ങുന്നതും ഈ പദ്ധതിയിൽ അനുവദനീയമല്ല.

x. പദ്ധതിയുടെ കാലയളവ് ഒരു വർഷമായിരിക്കും

xi. സിവിൽ വർക്കുകൾക്ക്, CPWD നിരക്കുകൾ ബാധകമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എസ് പ്രവീൺ

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, തിരുവനന്തപുരം
ഹൗസിംഗ് കമ്മീഷണർ, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ& ഇ, ഓഡിറ്റ്), കേരള, തിരുവനന്തപുരം
ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Krishnakumar S
Date: 18-07-2025 17:18:57